**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 352** **07-10-2024 - ൽ മറുപടിയ്ക്ക്**

**ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിൽ സ്പാർക്ക് അധിഷ്ഠിത പ്ലാറ്റ്ഫോം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിൽ ഉൾപ്പെടുന്ന ജീവനക്കാർക്ക് സ്പാർക്ക് അധിഷ്ഠിത ശമ്പള വിതരണ സംവിധാനം നാളിതുവരെ നടപ്പിലാക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഇന്റഗ്രേഷൻ നടപടി പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി വകുപ്പിന്റെ കീഴിലുള്ള മുഴുവൻ ജീവനക്കാരെയും സ്പാർക്ക്/ ജി-സ്പാർക്ക് സംവിധാനത്തിൽ കൊണ്ടുവന്നിട്ടുണ്ട്.<br><br>സർക്കാരിന്റെ സഞ്ചിത നിധിയിൽ നിന്ന് ശമ്പളം മാറുന്ന ഓഫീസുകളായ പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, ജില്ലാ ജോയിന്റ് ഡയറക്ടർമാരുടെ ഓഫീസുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് സ്പാർക്ക് മുഖേനയും തനത് ഫണ്ടുകൾ ഉപയോഗിച്ച് ശമ്പളം മാറുന്ന ഓഫീസുകളായ ജില്ലാപഞ്ചായത്ത്, കോർപ്പറേഷൻ, മുനിസിപ്പലിറ്റി ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ജി-സ്പാർക്ക് മുഖേനയും ശമ്പളം മാറിവരുന്നു.<br><br>മുനിസിപ്പൽ കോമൺ സർവ്വീസിൽ ഉൾപ്പെട്ടിരുന്ന ജീവനക്കാർക്ക് പെൻ നമ്പർ അനുവദിക്കുന്നത് സംബന്ധിച്ച വിഷയം ധനകാര്യ വകുപ്പിന്റെ പരിഗണനയിലായതിനാൽ സർക്കാരിന്റെ സഞ്ചിത നിധിയിൽ നിന്ന് ശമ്പളം മാറുന്ന ഓഫീസുകളായ പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, ജില്ലാ ജോയിന്റ് ഡയറക്ടർമാരുടെ ഓഫീസുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന മുൻ മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാർക്ക് പെൻ നമ്പർ ഉപയോഗിച്ച് ശമ്പളം മാറുന്നതിന് പകരം സർക്കാർ നിർദ്ദേശ പ്രകാരം സ്പാർക്ക് ഐ.ഡി ഉപയോഗിച്ച് ശമ്പളം മാറിവരുന്നു.<br><br>ജി-സ്പാർക്ക് മുഖേന ശമ്പളം മാറുന്ന ജീവനക്കാരേയും സ്പാർക്ക് ഐ.ഡി മുഖേന ശമ്പളം മാറുന്ന മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരേയും സ്പാർക്കിൽ ഉൾപ്പെടുത്തി ശമ്പളം മാറുന്നതിനുള്ള പ്രായോഗിക |

| | | | |
|---|---|---|---|
| | | | ബുദ്ധിമുട്ട് ശ്രദ്ധയിൽപെട്ടിട്ടുണ്ടെന്നും ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | സ്പാർക്ക് അധിഷ്ഠിത പ്ലാറ്റ്ഫോം ലഭ്യമല്ലാത്തതിനാൽ ഇന്റർ ട്രാൻസ്ഫർ പോളിസി പ്രകാരം 5 വകുപ്പുകളിലേക്കും പരസ്പരം സ്ഥലംമാറ്റം ചെയ്യപ്പെട്ട ജീവനക്കാർ നേരിടുന്ന പ്രതിസന്ധികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഇന്റഗ്രേഷൻ നടപടി പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി വകുപ്പിന്റെ കീഴിലുള്ള മുഴുവൻ ജീവനക്കാരെയും സ്പാർക്ക്/ ജി-സ്പാർക്ക് സംവിധാനത്തിൽ കൊണ്ടുവന്നിട്ടുണ്ട്.<br><br>സർക്കാരിന്റെ സഞ്ചിത നിധിയിൽ നിന്ന് ശമ്പളം മാറുന്ന ഓഫീസുകളായ പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, ജില്ലാ ജോയിന്റ് ഡയറക്ടർമാരുടെ ഓഫീസുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് സ്പാർക്ക് മുഖേനയും തനത് ഫണ്ടുകൾ ഉപയോഗിച്ച് ശമ്പളം മാറുന്ന ഓഫീസുകളായ ജില്ലാപഞ്ചായത്ത്, കോർപ്പറേഷൻ, മുനിസിപ്പലിറ്റി ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ജി-സ്പാർക്ക് മുഖേനയും ശമ്പളം മാറിവരുന്നു.<br><br>മുനിസിപ്പൽ കോമൺ സർവ്വീസിൽ ഉൾപ്പെട്ടിരുന്ന ജീവനക്കാർക്ക് പെൻ നമ്പർ അനുവദിക്കുന്നത് സംബന്ധിച്ച വിഷയം ധനകാര്യ വകുപ്പിന്റെ പരിഗണനയിലായതിനാൽ സർക്കാരിന്റെ സഞ്ചിത നിധിയിൽ നിന്ന് ശമ്പളം മാറുന്ന ഓഫീസുകളായ പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, ജില്ലാ ജോയിന്റ് ഡയറക്ടർമാരുടെ ഓഫീസുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന മുൻ മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാർക്ക് പെൻ നമ്പർ ഉപയോഗിച്ച് ശമ്പളം മാറുന്നതിന് പകരം സർക്കാർ നിർദ്ദേശ പ്രകാരം സ്പാർക്ക് ഐ.ഡി ഉപയോഗിച്ച് ശമ്പളം മാറിവരുന്നു.<br><br>ജി-സ്പാർക്ക് മുഖേന ശമ്പളം മാറുന്ന ജീവനക്കാരേയും സ്പാർക്ക് ഐ.ഡി മുഖേന ശമ്പളം മാറുന്ന മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരേയും സ്പാർക്കിൽ ഉൾപ്പെടുത്തി ശമ്പളം മാറുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ട് ശ്രദ്ധയിൽപെട്ടിട്ടുണ്ടെന്നും ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിൽ ഉൾപ്പെടുന്ന മുഴുവൻ ജീവനക്കാർക്കും സ്പാർക്ക് അധിഷ്ഠിത പ്ലാറ്റ്ഫോം, ഏകീകൃത പി.എഫ്. എന്നിവ നടപ്പിലാക്കണമെന്ന് 19.05.22-ൽ പ്രിൻസിപ്പൽ ഡയറക്ടർ നൽകിയ വ്യക്തമായ ശിപാർശയിന്മേൽ | (സി) | ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിൽ ഉൾപ്പെടുന്ന മുഴുവൻ ജീവനക്കാർക്കും സ്പാർക്ക് അധിഷ്ഠിത പ്ലാറ്റ്ഫോം, ഏകീകൃത പി.എഫ്. എന്നിവ നടപ്പിലാക്കുന്നത് സംബന്ധിച്ച വിഷയം LSGD-ERA3/84/2022-LSGD നമ്പർ ഫയലിൽ |

| | | | |
|---|---|---|---|
| | രണ്ട് വർഷം കഴിഞ്ഞിട്ടും നയപരമായ തീരുമാനം കൈക്കൊള്ളുവാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഈ വിഷയം സംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധന നടത്തിയ ഫയലിന്റെ കുറിപ്പ് ഫയൽ അടക്കമുള്ളവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | | പരിശോധിച്ചുവരികയാണ്. ടി ഫയലിന്റെ കുറിപ്പുഫയൽ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | ഈ സർക്കാരിന്റെ ആദ്യ വർഷത്തെ നയപ്രഖ്യാപന രേഖയിൽ അടക്കം സൂചിപ്പിച്ച ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകരണത്തിന്റെ കാതലായ ഭാഗം, ഭരണം തുടങ്ങി നാല് വർഷത്തോടടുക്കുമ്പോഴും പൂർത്തീകരിക്കുവാൻ സാധിക്കാത്തത് ഗൗരവമമായി കാണുന്നുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ സ്റ്റേറ്റ് സർവ്വീസിന്റെയും സബോർഡിനേറ്റ് സർവ്വീസിന്റെയും വിശേഷാൽ ചട്ടങ്ങൾ 27/10/2022 – പ്രാബല്യത്തിൽ നിലവിൽ വന്നിട്ടുണ്ട്. ഇതിന്റെ ഭാഗമായി പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, 14 ജില്ലാ ജോയിന്റ് ഡയറക്ടറുടെ ഓഫീസുകൾ എന്നിവ രൂപീകരിച്ചിട്ടുള്ളതും തുടർന്ന് ജീവനക്കാരുടെ എസ്റ്റാബ്ലിഷ്മെന്റ് വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനായി ഏകീകൃതസംവിധാനം നിലവിൽ വന്നിട്ടുണ്ട്.കൂടാതെ പൊതുസ്ഥലംമാറ്റത്തിന്റെ ഭാഗമായി ഇന്റർ ട്രാൻസ്ഫറബിലിറ്റി തത്വം ഓൺലൈനായി നടപ്പിലാക്കുകയും എല്ലാ ജീവനക്കാരേയും ഇതരവിഭാഗങ്ങളിലേയ്ക്ക് സ്ഥലംമാറ്റം നടത്തുകയും ചെയ്തു. കൂടാതെ മുൻ വകുപ്പുകളിൽ കൈകാര്യം ചെയ്യാത്ത വിഷയങ്ങളിൽ ജീവനക്കാർക്ക് പ്രത്യേക പരിശീലനവും നൽകി വരുന്നു. ഇത്തരത്തിൽ ഏകീകൃത തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ ലക്ഷ്യം കൈവരിക്കുന്ന നടപടികൾ സുഗമമായി പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## Note # 1

**വിഷയം:- ഏകീകൃത ത സ്വ ഭ വകുപ്പിന് കീഴിലുള്ള എല്ലാ വിഭാഗം ഉദ്യോഗസ്ഥരെയും സ്പാർക് അധിഷ്ഠിത ശമ്പളവിതരണ സംവിധാനത്തിൽ കൊണ്ടുവരുന്നത് -സംബന്ധിച്ച്**

തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള ഗ്രാമവികസനം, പഞ്ചായത്ത്, നഗരകാര്യം, നഗര ഗ്രാമാസൂത്രണം, എൽ എസ് ജി ഡി എൻജിനീയറിങ്, മുനിസിപ്പൽ കോമൺ സർവീസ് എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് യാഥാർഥ്യമായിട്ടുണ്ട് .ഏകീകൃത വകുപ്പിന് കീഴിലുള്ള ഈ അഞ്ചു വിഭാഗങ്ങളിലെയും ജീവനക്കാർക്ക് ശമ്പളവിതരണം വ്യത്യസ്ത സംവിധാനങ്ങളിലാണ് നടത്തപ്പെട്ടു വരുന്നത് .ഗ്രാമവികസനം, നഗരകാര്യം, നഗര ഗ്രാമാസൂത്രണം, എൽ എസ് ജി ഡി എൻജിനീയറിങ്എന്നീ വിഭാഗങ്ങളിൽ സ്പാർക് അധിഷ്ഠിത ശമ്പളവിതരണംസംവിധാനം നിലവിലുണ്ട്. എന്നാൽ പഞ്ചായത് വകുപ്പിലെ ഗ്രാമ പഞ്ചായത്ത് ,ജില്ലാ പഞ്ചായത്ത് ,മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപറേഷൻ എന്നിവിടങ്ങളിലെ ജീവനക്കാർക്കും, ഗ്രാമവികസന വകുപ്പിലെ ദാരിദ്ര്യ ലഘൂകരണ വിഭാഗം ജീവനക്കാർക്കും സ്പാർക്അധിഷ്ഠിത ശമ്പളവിതരണമല്ല നിലവിലുള്ളത് .ഗ്രാമ പഞ്ചായത്ത് ,ജില്ലാ പഞ്ചായത്ത് ,മുനിസിപ്പാലിറ്റി മുനിസിപ്പൽ കോർപറേഷൻ എന്നിവിടങ്ങളിൽ ഇൻഫോർമേഷൻ കേരള മിഷൻ മുഖേനയുള്ള സംവിധാനമാണ് നിലവിലുള്ളത് . ഏകീകൃത വകുപ്പിന് കീഴിൽ ശമ്പളവിതരണ സംവിധാനം ഒരേ രീതിയിൽ വരേണ്ടത് വകുപ്പിന്റെ വിശേഷാൽ ചട്ടങ്ങളിൽ വിവിധ വിഭാഗങ്ങളിലെ ഒരേ കാറ്റഗറിയിൽപ്പെട്ട ജീവനക്കാരെ പരസ്പരം മാറ്റി നിയമിക്കുന്നതിന് വേണ്ടി വിഭാവനം ചെയ്തിട്ടുള്ള INTER TRANSFERABILITY PRINCIPLE ഫലവത്തായും ആക്ഷേപരഹിതമായും നടപ്പിലാക്കുന്നതിന് അനിവാര്യമാണ്.

ഗ്രാമവികസന വകുപ്പിലെ ദാരിദ്ര്യ ലഘൂകരണ വിഭാഗം ജീവനക്കാർക്കും, പഞ്ചായത് വകുപ്പിലെ ഗ്രാമ പഞ്ചായത്ത് ,ജില്ലാ പഞ്ചായത്ത് ,മുനിസിപ്പാലിറ്റി മുനിസിപ്പൽ കോർപറേഷനുകളിലെ ജീവനക്കാർക്കും പ്രതിമാസ ശമ്പളം സ്പാർക് അധിഷ്ഠിതമാക്കുന്നതിനും ട്രഷറി മുഖേന വിതരണം ചെയ്യുന്നതിനും ,പ്രസക്തമായ നിർദേശങ്ങൾ സഹിതം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ സമർപ്പിച്ചിട്ടുള്ളത് ന. ഫ പേജ് 8-10ൽ കണ്ടാലും.

ഈ സാഹചര്യത്തിൽ ഏകീകൃത ത സ്വ ഭ വകുപ്പിന് കീഴിലുള്ള എല്ലാ വിഭാഗം ഉദ്യോഗസ്ഥരെയും ഒരേ പ്ലാറ്റ്ഫോമിൽ, സ്പാർക് അധിഷ്ഠിത ശമ്പളവിതരണ സംവിധാനത്തിൽ കൊണ്ട് വരുന്നതിലേക്കായി പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശ പരിഗണിക്കുന്ന വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടാവുന്നതാണ്.

**25/06/2022 02:52 PM** **VEENA KRISHNAN**
**SG-ASST-ERA3-LSGD**

---

## Note # 2

**25/06/2022 03:17 PM** **PREETHA K S**
**JS-ERA-LSGD**

---

## Note # 3

**25/06/2022 04:23 PM**

**VEENA KRISHNAN**
**SG-ASST-ERA3-LSGD**

---

**<u>Note # 4</u>**

**25/06/2022 04:37 PM**

**AMALA VANI J S**
**SO(DEV,FIN)**

---

**<u>Note # 5</u>**

**DEV-5/168/2022-FIN (E 2138684) Finance (Dev- Wing) Dept**

**LSGD-ERA3/84/2022-LSGD (E 2121956) Dated: 05-12-2022**

സ്പാർക് വഴി ശമ്പളം വിതരണം ചെയ്യുന്നതിനാണ് ബജറ്റ് ശീർഷകവും അനുബന്ധ ബജറ്റ് വകയിരുത്തലും അവശ്യമായിട്ടുള്ളത്. ജി-spark, യൂനിസ്പാർക് എന്നീ സോഫ്റ്റ്‌വെയർ വഴി ശമ്പളം വിതരണം ചെയ്യുന്നതിന് ബജറ്റ് ശീർഷകമോ, വകയിരുത്തലുകളോ ആവശ്യമില്ല. കൂടാതെ സ്പാർക്കിലെ വിവരങ്ങൾ ജി-സ്പാർക്കിലേക്ക് അബ്സോർബ് ചെയ്യുന്നതിന് നിലവിൽ സൗകര്യം ഒരുക്കിയിട്ടുള്ള സാഹചര്യത്തിൽ ശമ്പള വിതരണത്തിൽ ഇൻറർ ടാന്സെറബിലിറ്റി തത്വം ഫലവത്തായും ആക്ഷേപരഹിതമായും നടത്തുന്നതിന് യാതൊരുവിധ ബുദ്ധിമുട്ടും അനുഭവപ്പെടുകയുമില്ല.

പ്രിൻസിപ്പൽ ഡയറക്ടറുടെ ഒന്നാമത്തെ നിർദ്ദേശത്തിൽ സൂചിപ്പിക്കുന്നത് പ്രകാരം ദാരിദ്ര്യ ലഘൂകരണ വിഭാഗം ജീവനക്കാരുടെയും, പഞ്ചായത്ത് വകുപ്പിലെ ഗ്രാമ പഞ്ചായത്ത്, ജില്ലാ പഞ്ചായത് ജീവനക്കാരുടെയും, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപറേഷന് ജീവനക്കാരുടെയും ശമ്പളത്തിന് തത്തുല്യമായ തുക അതാത് സ്ഥാപനങ്ങളുടെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും കുറവ് വരുത്തി തുക ട്രഷറിയിൽ നിക്ഷേപിച്ച സ്പാർക്ക് മുഖാന്തിരം മാറ്റുന്നത് നിലവിലുള്ള സ്ഥാപനങ്ങളുടെ എണ്ണത്തിലെ വൈപുല്യവും, ശമ്പളച്ചെലവിലെ ഏകീകൃതരൂപമില്ലായ്മയും കണക്കിലെടുത്താൽ ശമ്പളവിതരണവും, ജനറൽ പർപ്പസ് ഫണ്ട് വിതരണവും കൂടുതൽ സങ്കീർണമാക്കുകയും ആയതിന്റെ നടപടിക്രമങ്ങൾക്ക് താമസം നേരിടുകയും ചെയ്യും. ഒപ്പം ആയിരത്തിലധികം വരുന്ന പ്രസ്തുത സ്ഥാപനങ്ങളുടെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും കുറവ് വരുത്തി യഥാസമയം ശമ്പള വിതരണം നടത്തലും ആയതു ഉറപ്പാക്കലും പ്രായോഗികമായ ഒന്നല്ല. ഉദാഹരണമായി തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ശമ്പള ചെലവ് സ്പാർക് വഴി വിതരണം ചെയ്ത ശേഷം ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും കുറവ് വരുത്തി ഈടാക്കുന്ന നിലവിലെ രീതി തന്നെ യഥാർഥ ചെലവിന്റെ അടിസ്ഥാനത്തിൽ അല്ല നടക്കുന്നത്. മറിച്ച് ഈടാക്കലിൽ നാമമാത്ര വാർഷിക വർധന വരുത്തുകയും ആയതു സർക്കാരിന്റെ യഥാർഥ ചെലവിനേക്കാൾ കുറഞ്ഞ ഒരു തുകയായി നിലനിൽക്കുകയുമാണ്. മേൽ സാഹചര്യത്തിൽ മുഴുവൻ ജീവനക്കാരുടെയും ശമ്പള ചെലവ് സ്പാർക്ക് വഴി മാറ്റുന്ന രീതി അവലംബിച്ചാൽ കാലക്രമേണ ശമ്പള വിതരണ ചുമതല സർക്കാരിൽ നിക്ഷിപ്തമാകുകയും ആനുപാതിക കിഴിവ് ഉറപ്പു വരുത്താൻ കഴിഞ്ഞില്ലെങ്കിൽ ആയതു സർക്കാരിന്റെ ഒരു വലിയ ആവർത്തനസ്വഭാവ ബാധ്യതയായി തീരുകയും ചെയ്യുകയും ചെയ്യും.

സംസ്ഥാന കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും നേരിട്ടല്ലാതെ തനത് ഫണ്ടിൽ നിന്നോ, ധനസഹായത്തിൽ നിന്നോ ശമ്പളം നൽകുന്ന സ്ഥാപനങ്ങളുടെ ശമ്പളവിതരണത്തിനായാണ് ജി-സ്പാർക്ക് സംവിധാനം തന്നെ രൂപപ്പെടുത്തിയിട്ടുള്ളതു എന്നതിനാൽ തന്നെ എല്ലാ ജീവനക്കാരെയും സ്പാർക്ക് സംവിധാനത്തിലേക്ക് മാറ്റണമെന്ന പ്രൊപോസൽ മുകളിൽ സൂചിപ്പിച്ച വസ്തുതകളുടെ കൂടി അടിസ്ഥാനത്തിൽ പരിഗണിക്കാൻ കഴിയുന്നതല്ലായെന്നു ഭരണ വകുപ്പിനെ അറിയിക്കുന്നു.

MADHUSOODANAN NAIR T.S

അണ്ടർ സെക്രട്ടറി



File No. LSGD-ERA3/84/2022-LSGD (Computer No. 2121956)

Generated from eOffice by VIJITH V NAIR, ASST- ERA2- LSGD, ASST-ERA2-LSGD, LSGD on 04/10/2024 03:22 PM

ധനകാര്യ വ്യയം സെക്രട്ടറിയ്ക്ക് വേണ്ടി

-----------------------------------------------------------------------------------------

**05/12/2022 12:31 PM** **AMALA VANI J S**
**SO(DEV,FIN)**

---

**Note # 6**

**05/12/2022 12:36 PM** **SUJA M**
**SO-ERA-LSGD**

---

**Note # 7**

**ചംക്രമണ കുറിപ്പ്**

ഏകീകൃത ത സ്വ ഭ വകുപ്പിന് കീഴിലുള്ള എല്ലാവിഭാഗം ഉദ്യോഗസ്ഥരെയും സ്പാർക് അധിഷ്ഠിത ശമ്പളവിതരണ സംവിധാനത്തിൽ കൊണ്ടുവരുന്നത് സംബന്ധിച്ച് പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ചിട്ടുള്ള ശിപാർശയിന്മേലുള്ള നടപടിയാണ് ഈ ഫയലിലെ വിഷയം.

തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള ഗ്രാമവികസനം, പഞ്ചായത്ത്, നഗരകാര്യം, നഗരഗ്രാമാസൂത്രണം, എൽ എസ് ജി ഡി എൻജിനീയറിങ്, മുനിസിപ്പൽ കോമൺ സർവീസ് എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് യാഥാർഥ്യമായിട്ടുണ്ട്. ഏകീകൃത വകുപ്പിന് കീഴിലുള്ള ഈ അഞ്ചു വിഭാഗങ്ങളിലെയും ജീവനക്കാർക്ക് ശമ്പളവിതരണം വ്യത്യസ്ത സംവിധാനങ്ങളിലാണ് നടത്തപ്പെട്ടു വരുന്നത് .ഗ്രാമവികസനം, നഗരകാര്യം, നഗര ഗ്രാമാസൂത്രണം, എൽ എസ് ജി ഡി എൻജിനീയറിങ്എന്നീ വിഭാഗങ്ങളിൽ സ്പാർക് അധിഷ്ഠിത ശമ്പളവിതരണ സംവിധാനം നിലവിലുണ്ട്. എന്നാൽ പഞ്ചായത് വകുപ്പിലെ ഗ്രാമപഞ്ചായത്ത് ,ജില്ലാപഞ്ചായത്ത് ,മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപറേഷൻ എന്നിവിടങ്ങളിലെ ജീവനക്കാർക്കും, ഗ്രാമവികസന വകുപ്പിലെ ദാരിദ്ര്യ ലഘൂകരണ വിഭാഗം ജീവനക്കാർക്കും സ്പാർക്അധിഷ്ഠിത ശമ്പളവിതരണമല്ല നിലവിലുള്ളത്.ഗ്രാമ പഞ്ചായത്ത് ,ജില്ലാ പഞ്ചായത്ത് ,മുനിസിപ്പാലിറ്റി മുനിസിപ്പൽ കോർപറേഷൻ എന്നിവിടങ്ങളിൽ ഇൻഫോർമേഷൻ കേരള മിഷൻ മുഖേനയുള്ള സംവിധാനമാണ് നിലവിലുള്ളത് . ഏകീകൃത വകുപ്പിന് കീഴിൽ ശമ്പളവിതരണ സംവിധാനം ഒരേ രീതിയിൽ വരേണ്ടത് വകുപ്പിന്റെ വിശേഷാൽ ചട്ടങ്ങളിൽ വിവിധ വിഭാഗങ്ങളിലെ ഒരേ കാറ്റഗറിയിൽപ്പെട്ട ജീവനക്കാരെ പരസ്പരം മാറ്റി നിയമിക്കുന്നതിന് വേണ്ടി വിഭാവനം ചെയ്തിട്ടുള്ള INTER TRANSFERABILITY PRINCIPLE ഫലവത്തായും ആക്ഷേപരഹിതമായും നടപ്പിലാക്കുന്നതിന് അനിവാര്യമാണ് എന്നും, ആയതിനാൽ ഗ്രാമവികസന വകുപ്പിലെ ദാരിദ്ര്യ ലഘൂകരണ വിഭാഗം ജീവനക്കാർക്കും, പഞ്ചായത് വകുപ്പിലെ ഗ്രാമ പഞ്ചായത്ത് ,ജില്ലാ പഞ്ചായത്ത് ,മുനിസിപ്പാലിറ്റി മുനിസിപ്പൽ കോർപറേഷനുകളിലെ ജീവനക്കാർക്കും പ്രതിമാസ ശമ്പളം സ്പാർക് അധിഷ്ഠിതമാക്കുന്നതിനും ട്രഷറി മുഖേന വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുന്നതിന് ,പ്രസക്തമായ നിർദേശങ്ങൾ സഹിതം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ സമർപ്പിച്ചിരുന്നു.

വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

DEV 5/168/2022-FIN (F 2128(84)) Finance (Dev. Wing) Dept

**LSGD-ERA3/84/2022-LSGD (E 2121956) Dated: 05-12-2022**

സ്പാർക് വഴി ശമ്പളം വിതരണം ചെയ്യുന്നതിനാണ് ബജറ്റ് ശീർഷകവും അനുബന്ധ ബജറ്റ് വകയിരുത്തലും അവശ്യമായിട്ടുള്ളത്. ജി-spark, യൂനിസ്പാർക് എന്നീ സോഫ്റ്റ്‌വെയർ വഴി ശമ്പളം വിതരണം ചെയ്യുന്നതിന് ബജറ്റ് ശീർഷകമോ, വകയിരുത്തലുകളോ ആവശ്യമില്ല. കൂടാതെ സ്പാർക്കിലെ വിവരങ്ങൾ ജി-സ്പാർക്കിലേക്ക് അബ്സോർബ് ചെയ്യുന്നതിന് നിലവിൽ സൗകര്യം ഒരുക്കിയിട്ടുള്ള സാഹചര്യത്തിൽ ശമ്പള വിതരണത്തിൽ ഇൻറ്റർ ട്രാൻസ്‌സെറബിലിറ്റി തത്വം ഫലവത്തായും ആക്ഷേപരഹിതമായും നടത്തുന്നതിന് യാതൊരുവിധ ബുദ്ധിമുട്ടും അനുഭവപ്പെടുകയുമില്ല.

പ്രിൻസിപ്പൽ ഡയറക്ടറുടെ ഒന്നാമത്തെ നിർദ്ദേശത്തിൽ സൂചിപ്പിക്കുന്നത് പ്രകാരം ദാരിദ്ര്യ ലഘൂകരണ വിഭാഗം ജീവനക്കാരുടെയും, പഞ്ചായത്ത് വകപ്പിലെ ഗ്രാമ പഞ്ചായത്ത്, ജില്ലാ പഞ്ചായത് ജീവനക്കാരുടെയും, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപറേഷന് ജീവനക്കാരുടെയും ശമ്പളത്തിന് തത്തുല്യമായ തുക അതാത് സ്ഥാപനങ്ങളുടെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും കുറവ് വരുത്തി തുക ട്രഷറിയിൽ നിക്ഷേപിച്ച് സ്പാർക്ക് മുഖാന്തിരം മാറുന്നത് നിലവിലുള്ള സ്ഥാപനങ്ങളുടെ എണ്ണത്തിലെ വൈപുല്യവും, ശമ്പളച്ചെലവിലെ ഏകീകൃതരൂപമില്ലായ്മയും കണക്കിലെടുത്താൽ ശമ്പളവിതരണവും, ജനറൽ പർപ്പസ് ഫണ്ട് വിതരണവും കൂടുതൽ സങ്കീർണമാക്കുകയും ആയതിന്റെ നടപടിക്രമങ്ങൾക്ക് താമസം നേരിടുകയും ചെയ്യും. ഒപ്പം ആയിരത്തിലധികം വരുന്ന പ്രസ്തുത സ്ഥാപനങ്ങളുടെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും കുറവ് വരുത്തി യഥാസമയം ശമ്പള വിതരണം നടത്തലും ആയത് ഉറപ്പാക്കലും പ്രായോഗികമായ ഒന്നല്ല. ഉദാഹരണമായി തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ശമ്പള ചെലവ് സ്പാർക് വഴി വിതരണം ചെയ്ത ശേഷം ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും കുറവ് വരുത്തി ഈടാക്കുന്ന നിലവിലെ രീതി തന്നെ യഥാർഥ ചെലവിന്റെ അടിസ്ഥാനത്തിൽ അല്ല നടക്കുന്നത്. മറിച്ച് ഈടാക്കലിൽ നാമമാത്ര വാർഷിക വർധന വരുത്തുകയും ആയത് സർക്കാരിന്റെ യഥാർഥ ചെലവിനേക്കാൾ കുറഞ്ഞ ഒരു തുകയായി നിലനിൽക്കുകയുമാണ്. മേൽ സാഹചര്യത്തിൽ മുഴുവൻ ജീവനക്കാരുടെയും ശമ്പള ചെലവ് സ്പാർക്ക് വഴി മാറുന്ന രീതി അവലംബിച്ചാൽ കാലക്രമേണ ശമ്പള വിതരണ ചുമതല സർക്കാരിൽ നിക്ഷിപ്തമാകയും ആനുപാതിക കിഴിവ് ഉറപ്പ [illegible]



File No. LSGD-ERA3/84/2022-LSGD (Computer No. 2121956)

Generated from eOffice by VIJITH V NAIR, ASST- ERA2- LSGD, ASST-ERA2-LSGD, LSGD on 04/10/2024 03:22 PM

വരുത്താൻ കഴിഞ്ഞില്ലെങ്കിൽ ആയത് സർക്കാരിന്റെ ഒരു വലിയ ആവർത്തനസ്വഭാവ ബാധ്യതയായി തീരുകയും ചെയ്യുകയും ചെയ്യും.

സംസ്ഥാന കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും നേരിട്ടല്ലാതെ തനത് ഫണ്ടിൽ നിന്നോ, ധനസഹായത്തിൽ നിന്നോ ശമ്പളം നൽകുന്ന സ്ഥാപനങ്ങളുടെ ശമ്പളവിതരണത്തിനായാണ് ജി-സ്പാർക്ക് സംവിധാനം തന്നെ രൂപപ്പെടുത്തിയിട്ടുള്ളത് എന്നതിനാൽ തന്നെ എല്ലാ ജീവനക്കാരെയും സ്പാർക്ക് സംവിധാനത്തിലേക്ക് മാറ്റണമെന്ന പ്രൊപോസൽ മുകളിൽ സൂചിപ്പിച്ച വസ്തുതകളുടെ കൂടി അടിസ്ഥാനത്തിൽ പരിഗണിക്കാൻ കഴിയുന്നതല്ലായെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു.

ധനകാര്യ വകുപ്പിന്റെ വിശദമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഫയൽ അറിവിലേക്കായി ബഹു. ത സ്വ ഭ വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിക്കാവുന്നതാണ്.

**05/12/2022 01:53 PM** **VEENA KRISHNAN**
**SG-ASST-ERA3-LSGD**

---

**Note # 8**

**29/12/2022 11:05 PM** **SUJA M**
**SO-ERA-LSGD**

---

**Note # 9**

**01/01/2023 11:17 PM** **BALUMAHENDRA B**
**US-ERA-LSGD**

---

**Note # 10**

**13/01/2023 05:29 PM** **PREETHA K S**
**AS-ERA-LSGD**

---

**Note # 11**

അഞ്ചു വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് യാഥാർത്ഥ്യമാകുകയും ഒരൊറ്റ പ്രിൻസിപ്പൽ ഡയറക്ടറുടെ കീഴിൽ പ്രവർത്തനം

നടത്തിവരികയുമാണ്. ഇതോടെ നേരത്തെയുണ്ടായിരുന്ന അഞ്ച് വകുപ്പുകളിലെയും ജീവനക്കാർക്ക് പരസ്പര സ്ഥലംമാറ്റത്തിനുള്ള (intertransferability) വ്യവസ്ഥ ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ വിശേഷാൽ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2023 ഏപ്രിലിലെ പൊതുസ്ഥലംമാറ്റം മുതൽ intertransferability അനുവദിക്കുന്നതിന് വകുപ്പ് തീരുമാനിച്ചിട്ടുമുണ്ട്. ഇതിന് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിലെ എല്ലാ ജീവനക്കാരുടെയും ഡാറ്റ SPARK ൽ ലഭ്യമാക്കേണ്ടത് അനിവാര്യമാണ്.

നേരത്തെയുള്ള അഞ്ച് വകുപ്പുകളിൽ ചിലതിൽ (ഉദാ. എഞ്ചിനീയറിംഗ് വിഭാഗം, ടൗൺ പ്ലാനിംഗ്) ജീവനക്കാരുടെ വിവരങ്ങൾ സ്പാർക്കിലും, മറ്റു ചിലതിൽ (ഉദാ. പഞ്ചായത്ത്) സ്ഥാപന സോഫ്റ്റ് വെയറിലുമാണ് ചേർത്തിട്ടുള്ളത്. അഞ്ച് വകുപ്പുകളിലെയും ജീവനക്കാരെ ഉൾപ്പെടുത്തി പൊതുസ്ഥലംമാറ്റം നടപ്പാക്കണമെങ്കിൽ, ഈ അഞ്ച് വിഭാഗത്തിലെയും ജീവനക്കാരുടെ സേവന വിവരങ്ങൾ ഒറ്റ പ്ലാറ്റ്ഫോമിൽ ലഭിക്കണം. സ്പാർക്കിലെ ഡാറ്റ മറ്റു സോഫ്റ്റ് വെയറുകളിലേക്ക് കൈമാറാനുള്ള സാധ്യത ഇല്ലെന്ന് മനസ്സിലാക്കുന്നു. അതുകൊണ്ടുതന്നെ നിലവിൽ സ്പാർക്കിൽ ഇല്ലാത്ത ജീവനക്കാരുടെ വിവരങ്ങൾ സ്പാർക്കിൽ ഉൾപ്പെടുത്തുകയേ മാർഗ്ഗമുള്ളു.

അത്തരത്തിൽ ഏകീകൃത വകുപ്പിലെ മുഴുവൻ ജീവനക്കാരെയും സ്പാർക്കിലേക്ക് ഉൾപ്പെടുത്തിയാലും, അവരുടെ ശമ്പളവും അലവൻസുകളും വിതരണം ചെയ്യുന്നത് നേരത്തെയുള്ള രീതിയിൽ , അതായത് പഞ്ചായത്ത്, നഗരസഭാ ജീവനക്കാരുടേത് അതത് സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്നും നൽകുന്നത് അതേപോലെയും ട്രഷറിയിൽ നിന്ന് ശമ്പളം നൽകുന്നവരുടേത് ആ രീതിയിലും തുടരാം. ശമ്പളം നൽകുന്നതിന് സർക്കാരിന് പുതുതായി ബാധ്യതയൊന്നും വരുന്നതല്ല.

മേൽ വസ്തുതകൾ പരിഗണിച്ച്, ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിലെ എല്ലാ ജീവനക്കാരുടെയും ഡാറ്റ സ്പാർക്കിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ അനുകൂല തീരുമാനത്തിനായി ബഹു. ധനകാര്യവകുപ്പ് മന്ത്രി കണ്ടാലും.

**30/01/2023 10:49 AM** **M B RAJESH**
**MIN ( LSGD )**

---

**Note # 12**

ACS(fin) for remarks

**30/01/2023 05:13 PM** **K N BALAGOPAL**
**FM-FIN**

---

**Note # 13**

Pl examine and put up

**31/01/2023 09:46 AM** **BISHWANATH SINHA**
**ACS, FIN**

---

**Note # 14**

Administrative Department is requested to furnish remarks on each suggestions below with respect to inter transferability of the employee data between SPARK and GSPARK.

i. The regular employees of merged departments, who already have PEN, will continue with their PEN as SPARK ID and their salary will be processed from the relevant budget heads if they continue in their present office or are posted in any department office.

ii. The regular staff of Local Self Government offices will be provided with GPEN as GSPARK ID and their salary will be met from the own fund of the relevant LSG if they continue in their present office or are transferred to any LSG office.

iii. Upon transferring an employee with GPEN to a vacancy in department offices from LSG offices, he/she will be provided temporary Spark ID and the salary thereof will be drawn from the relevant State budget head of account by using his/her SPARK ID. Necessary modifications will be made in SPARK to tag the details of LSG tier/office along with such SPARK ID so as to distinguish the records of SPARK ID provided to the staff of LSG.

iv. Upon transferring an employee with PEN to a vacancy in an LSG, he/she will be provided with GSPARK ID and salary thereof will be disbursed from the Bank account of the LSG concerned. GSPARK ID of these employees will be tagged in GSPARK so as to distinguish this type

of records.

v. In order to keep continues service records of an employee in SPARK/GSPARK regardless of whether the employee's salary is processed in SPARK or GSPARK, the possibility of a two-way data communication system will be explored by the SPARK PMU to facilitate inter-transferability of employee data.

vi. If the proposed inter-transferability is not practical in the present version of SPARK due to any compatibility issue, the possibility of bringing the required changes in SPARK 2.0 will be explored by the SPARK.

vii. Until inter-transferability of data between SPARK and GSPARK is implemented, the present system put in place by the SPARK PMU for the payment of salaries will be continued.

viii. Appropriate mechanism will be evolved and put in place by the SPARK so as to ensure that new employees recruited against the sanctioned posts of department offices alone are provided with PEN in SPARK.

ix. Necessary direction may also be given to the AD to **keep historical data of employees and other details as on date of unification for future reference.**

Alfa S S K A S

UNDER SECRETARY

For Additional Secretary (Finance )

---------------------------------------------------------------------------------------

**27/01/2024 11:55 AM** **ARUN K**
**SO(DEV,FIN)**

---

**Note # 15**

**27/01/2024 12:13 PM** **SUJA M**
**SO-ERA-LSGD**

---

**Note # 16**

ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള എല്ലാ വിഭാഗം ഉദ്യോഗസ്ഥരെയും സ്പാർക് അധിഷ്ഠിത ശമ്പളവിതരണ സംവിധാനത്തിൽ കൊണ്ടുവരുന്നത് സംബന്ധിച്ച് ധനവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. ആയതിന്മേൽ ടി വകുപ്പ് അഭിപ്രായം ലഭ്യമാക്കുകയുണ്ടായി. ജീവനക്കാരുടെ SPARK/ GSPARK ഡാറ്റയുടെ inter transferability സംബന്ധിച്ച നിർദ്ദേശങ്ങളിൽ അഭിപ്രായം ലഭ്യമാക്കാൻ ധനവകുപ്പ് ആവശ്യപ്പെട്ടിരിക്കുന്നു. മേൽ സാഹചര്യത്തിൽ ആയതിന്മേൽ റിപ്പോർട്ട് ലഭ്യമാക്കാൻ പ്രിൻസിപ്പൽ ഡയറക്ടറോട് ആവശ്യപ്പെടാവുന്നതാണ്. ഉത്തരവിന് വിധേയമായി കരട് കത്ത് കൂടി അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**03/02/2024 11:25 AM** **VIJITH V NAIR**
**ASST-ERA2-LSGD**

---

**Note # 17**

**05/02/2024 03:52 PM** **SUJA M**
**SO-ERA-LSGD**

---

**Note # 18**

**05/02/2024 05:07 PM** **BALUMAHENDRA B**
**DS-ERA-LSGD**

---

**Note # 19**

**06/02/2024 02:44 PM** **SUJA M**
**SO-ERA-LSGD**

---



File No. LSGD-ERA3/84/2022-LSGD (Computer No. 2121956)

Generated from eOffice by VIJITH V NAIR, ASST- ERA2- LSGD, ASST-ERA2-LSGD, LSGD on 04/10/2024 03:22 PM